**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 31** **05-12-2022 - ൽ മറുപടിയ്ക്ക്**

**വലിയപറമ്പ് പഞ്ചായത്തിലെ സി.ആർ.ഇസഡ്. നിയമക്കുരുക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി.ആർ.ഇസഡ്. നിയമങ്ങൾ മൂലം വലിയപറമ്പ് പഞ്ചായത്തിൽ ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള ആവശ്യങ്ങൾ പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. തീരദേശ പരിപാലന വിജ്ഞാപനത്തിൽ പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. |
| (ബി) | വലിയപറമ്പ് പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മുൻനിർത്തി പ്രസ്തുത നിയമങ്ങളിൽ ഇളവുകൾ പ്രഖ്യാപിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. തീരദേശ പരിപാലന |

| | | | |
|---|---|---|---|
| | | | വിജ്ഞാപനത്തിൽ പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. |

സെക്ഷൻ ഓഫീസർ